# രോഗം തുറന്നിട്ടുന്ന മനോചലനങ്ങൾ
## രാസിത്ത് അശോകന്റെ നന്ദി ഗില്ലൻബാരി സിൻഡ്രോം എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള മനോചലന വിശകലനം

ഡോ. എം.ബി. മനോജ്

അസി. പ്രൊഫസർ, മലയാള കേരള പഠന വിഭാഗം, കാലിക്കറ്റ് സർവകലാശാല.

**താക്കോൽ വാക്കുകൾ:** ഗില്ലൻബാരി സിൻഡ്രോം, സഹപാഠികൾ, ഐ.സി.യു, മാലാഖമാർ, റൈൽസ് ട്യൂബ്, കാനുല, വെന്റിലേറ്റർ, ശ്വാസം, ട്രക്കിയോസ്റ്റമി, FM റേഡിയൊ, ശബ്ദം, ബ്രോങ്കോസ്കോപ്പി, കുളി, ഫിസിയോ തെറാപ്പി, സ്മാർട്ട്ഫോൺ

### ആമുഖം

ഗില്ലൻബാരി സിൻഡ്രോം എന്ന രോഗത്തിന്റെ പിടിയിലമർന്ന രാസിത്ത് അശോകൻ എന്ന യുവാവിന്റെ ആസ്പത്രി അനുഭവങ്ങളാണ് നന്ദി ഗില്ലൻബാരി സിൻഡ്രോം എന്ന പുസ്തകം.രോഗത്തിന്റെ പിടിയിലമരുന്ന ഏതൊരാളും അതിനു മുമ്പുള്ള മനുഷ്യനിൽ നിന്നും വ്യത്യസ്തനാവുന്നു. രോഗത്തിൽ നിന്നും കരകയറുന്നതിനും രോഗത്തിന്റെ സന്ദർഭങ്ങളെയും അവർ മറ്റൊരു തരത്തിൽ നോക്കിക്കാണുന്നു. ഈ മനോതലം എന്ത് എന്ന് ഉദാഹരണപ്പെടുത്തുന്നുണ്ട് ഈ പുസ്തകം. മുൻപുകണ്ട ലോകത്തെ പുനർവിശകലനം ചെയ്യുന്ന ഒരു രണ്ടാം കാഴ്ച അതാകുന്നു ഏറ്റവും വലിയ പ്രത്യേകത. രാസിത്തിന്റെ ജീവിതത്തിനു സംഭവിക്കുന്ന ഈ ചലനംപോലെ പ്രധാനപ്പെട്ടതാണ് വൈദ്യശാസ്ത്രത്തിന്റ വളർച്ചയും. വൈദ്യശാസ്ത്രത്തിന്റെ വികാസം രോഗങ്ങളിൽ നിന്നും മനുഷ്യരെ രക്ഷിക്കുവാൻ കൂടുതൽ സഹായകമാവുന്നു എന്ന് ഈ കൃതി വ്യക്തമാക്കുന്നുണ്ട്.

അടഞ്ഞ ധമനികളിൽ
നിറമരുന്ന കടത്തണം
ഇടിച്ച നിന്നാൽ
വഴി തുറക്കാനൊരു വഴി
ബൈപാസ്
അതിനു മുന്നോടി
കഠിനനോവിൻ
കാൽവരി
(ഉയിർപ്പ്–എൽ. തോമസ്കുട്ടി )

രാസിത്ത് ഇങ്ങനെ എഴുതുന്നു. “വായിലേയ്ക്ക് ഇറക്കിവച്ച കുഴലിലൂടെ എന്തോ ദ്രാവകം വലിച്ചെടുക്കുമ്പോലെ തോന്നി. കണ്ണ് തുറിച്ചു നില്ക്കുകയാണ്. ശരീരവും മനസ്സും മാലാഖമാരും ആസ്പത്രിയും എല്ലാം കറങ്ങുകയാണ്. ശരീരത്തിന്മേലുള്ള മനസ്സിന്റെ നിയന്ത്രണം പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. രക്തസമ്മർദ്ദം 220-ഉം കടന്ന് അതിന്റെ പാരമ്യത്തിലെത്തി. തല പൊട്ടിത്തകരുന്നു. മാലാഖമാർ തിരക്കിലാണ്. ബി.പി., ഷുഗർ, ഇ.സി.ജി. ഇങ്ങനെ പോവുന്നു അവരുടെ പരിശോധന. ഒരു പ്രകാശഗോളം വലുതായി വലുതായി പെട്ടെന്ന് അപ്രത്യക്ഷമായി. എങ്ങും കൂരിരുട്ട്. നിശബ്ദത. ഞാൻ അസുഖത്തിന്റെ നിർണ്ണായക ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. അബോധാവസ്ഥ. പിന്നീടുള്ള ദിവസങ്ങൾ ഒന്നുമറിയാതെ കടന്നുപോയി” (പുറം-34, രാസിത്ത്അശോകൻ).

ജീവൻ നിലനിർത്തുവാൻ, ജീവിക്കുവാൻ നന്നേ ആഗ്രഹിച്ച ഒരു യുവാവിനെ നാമിവിടെ കാണുന്നു. “ജീവൻ നിലനിർത്താൻ ട്യൂബ് വേണം എന്ന ബോധം ഉള്ളതു കൊണ്ടായിരിക്കും ഞാൻ റൈൽസ് ട്യൂബിനെ ഇഷ്ടപ്പെട്ടു തുടങ്ങിയത്” എന്നാണ് രാസിത്ത് എഴുതുന്നത്. ജീവൻ തിരിച്ചുകിട്ടുവാൻ എത്ര വേദനയും സഹിക്കുവാൻ മനുഷ്യർ തയ്യാറാവുന്നു. ഒരു വിവരണം ഇങ്ങനെയാണ്. “ആറുമണിയായി,സ്റ്റെഫി വന്ന് എന്റെ ഇടതു കയ്യിൽ ‘കാനുല’ എന്നൊരു സൂചി, രക്തധമനി കണ്ടുപിടിച്ച് അവിടെ സ്ഥാപിച്ചു. സ്ഥിരമായി ഇഞ്ചക്ഷൻ എടുക്കേണ്ടിവരുന്നവർക്കുള്ളത്. എനിക്കു നല്ലവണ്ണം വേദനിച്ചുവെങ്കിലും ഒന്നും പറഞ്ഞില്ല. ഒരു തുടക്കം മാത്രമായിരുന്നു അത്. അവിടന്നങ്ങോട്ട് എത്ര സൂചികൾ എന്റെ ശരീരത്തിലേയ്ക്ക് കുത്തിയിറക്കിയെന്ന് ഓർമയില്ല. എന്തു തന്നെയായാലും എല്ലാം ചേർത്ത് മുന്നൂറിനു മുകളിൽ വരും.” (പുറം-40, രാസിത്ത്അശോകൻ)

വെന്റിലേറ്ററിന്റെ സഹായത്താൽ ശ്വാസം എടുക്കേണ്ടതായുണ്ട്.

സാധാരണ മനുഷ്യന് കഴിയുന്ന ഒന്നാണല്ലോ ശ്വാസമെടുക്കുക എന്നത്. അത് കഴിയാതെ വരുന്ന അവസ്ഥ ആലോചിച്ചു നോക്കു. ശ്വാസമെടുക്കുക എന്നത് ഒരു ഭാരിച്ച കാര്യമാണെന്ന് രാസിത്തിന് പലപ്പോഴും തോന്നി. ശ്വാസം എടുക്കാൻ കഴിയാത്ത അവസ്ഥയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. "ഏതോ ഗുഹയിൽ നിന്നും കട്ടിയുള്ള എന്തോ വാതകം വലിച്ചെടുക്കുന്നതു പോലെയുള്ള അനുഭവമായിരുന്നു അത്. ഒരേയൊരു ശ്രദ്ധ ടി പീസിൽ നിന്നും ശ്വാസമെടുക്കുക എന്നതുമാത്രമായിരുന്നു. സ്വന്തം നിലയ്ക്ക് ശ്വാസം എടുക്കുവാൻ കഴിയുമ്പോൾ കൃത്രിമ ശ്വാസം ഒഴിവാക്കിയിരുന്നു. ഈ ഘട്ടത്തിലെല്ലാം അബോധാവസ്ഥയിലാവുകയും ചെയ്തിരുന്നു." ശ്വാസം എടുക്കുക എന്നത് ലളിതമായ ഒരു കാര്യമല്ല എന്ന് ഇത് വ്യക്തമാക്കുന്നു.

*പുതിയ ഒരു തരം ശബ്ദം:* മനുഷ്യർക്ക് ശബ്ദിക്കുവാൻ കഴിയുന്നതും ശബ്ദത്തിലൂടെ വിനിമയം നടത്തുന്നതും മനുഷ്യോല്പത്തിയുടെ കാലം മുതൽ ഉണ്ടല്ലോ. സംസാരിക്കുവാൻ കഴിയാത്തതുകൊണ്ട് ആളുകളെ വിളിക്കുവാൻ പുതിയ തരം ഒരു ശബ്ദം കണ്ടെത്തുകയായിരുന്നു രാസിത്ത്. ട്രക്കിയോസ്റ്റമി ഒഴിവാക്കുന്നതു വരെ ഈ ശബ്ദമായിരുന്നു ആശയ വിനിമയോപാധി.

*മരുന്നും മന്ത്രവും:* പൊതു സമൂഹത്തിൽ തമ്മിൽ മത്സരിക്കുകയും ഏറ്റുമുട്ടുകയും ചെയ്യുന്ന മതങ്ങൾ മറിച്ച്രോഗികളുടെ കാര്യത്തിൽ അത്ര പ്രസക്തമല്ല എന്നു തോന്നുന്നു. "ആശുപത്രിയിൽ എത്തിയതു മുതൽ ചലനമറ്റ എന്റെ കയ്യിൽ ബന്ധുക്കളും സുഹൃത്തുക്കളും ജപിച്ചു കെട്ടിയ ചരടുകൾ കൊണ്ടു നിറഞ്ഞിരുന്നു. ഏതോ അമ്പലത്തിൽ നിന്നു പൂജിച്ചുനല്കിയ നെയ്യ് എല്ലാ ദിവസവും രാവിലെ നാവിൽ തൊട്ടു തരാറുണ്ടായിരുന്നു. ക്രിസ്ത്യൻ പള്ളികളിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാലാഖമാർ. അവസാനം മക്കയിൽ നിന്നും കൊണ്ടുവന്ന പുണ്യതീർത്ഥം 'സംസം' വെള്ളവും റൈൽസ് ട്യൂബുവഴി നല്കി. എന്റെ തൊട്ടടുത്തു കിടക്കുന്ന രോഗി റുക്കിയാത്തയുടെ മകൾആബിദാത്തയാണ് എനിക്കു വേണ്ടി സംസം വെള്ളം കൊണ്ടുവന്നത്" (പുറം-67, രാസിത്ത്അശോകൻ).

## തെറാപ്പിയും കൈകളുടെ ചലനവും

കൈകൾ ചലിച്ചുതുടങ്ങിയതിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു. അന്നുരാത്രി തെറാപ്പിയൊക്കെ കഴിഞ്ഞു വെറുതെ സീലിങ്ങിൽ നോക്കിയിരിക്കുമ്പോൾ രണ്ടു കൈകളും വെറുതെയൊന്നു ശക്തമായി ചലിപ്പിക്കുവാൻ ശ്രമിച്ചു. ഇടതുകയ്യുടെ പത്തി അത്ഭുതംപോലെ ഒരു വശത്തേയ്ക്കു ചരിഞ്ഞുവീണു. ആദ്യമെനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. വീണ്ടും ശ്രമിച്ചു, സത്യമാണ്. കൈ ചലിക്കുവാൻ തുടങ്ങി. മനസ്സിൽ സന്തോഷത്തിന്റെ ഉന്മാദത്തിരയിളകി. ആരോടും ഒന്നും

പറയാതെ അരണ്ട വെളിച്ചത്തിൽ വീണ്ടും വീണ്ടും ചലിപ്പിച്ചു. വലതു കൈപ്പത്തിയും ചെറുതായി ചലിക്കുന്നു. പുറത്ത് തുലാവർഷം തകർത്തുപെയ്യുന്നു. ശക്തിയായി മിന്നലിടി വെട്ടി. കാറ്റും കോളും നിറഞ്ഞ പേമാരിതന്നെ. പ്രകൃതി ആഹ്ലാദനൃത്തം ചവിട്ടുന്നതുപോലെ.

**ഭീകരജോലിയായിമാറുന്ന കുളിയും എഫ്. എം. റേഡിയോയും:**

രോഗത്തിന്റെ പിടിയിലായ ശേഷം കുളി സാധ്യമല്ലാത്ത ഒന്നായി മാറിയിരുന്നു. കഴുത്തിലെ ട്രക്കിയോസ്റ്റമി ചെയ്ത ഭാഗം നനയ്ക്കാൻ പാടില്ലാത്തതിനാൽ, മറ്റു രോഗങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതിനാൽ, മാസങ്ങൾക്കുശേഷം കുളിച്ചപ്പോൾ കുളി ഒരു ഭീകര ജോലിയായിത്തോന്നി. ശരീരത്തിൽ വെള്ളം വീണപ്പോൾ പരിഭ്രാന്തിതോന്നി. ശ്വാസതടസ്സം അനുഭവപ്പെടുന്നതായി തോന്നി. ഒരു കൊച്ചുകുട്ടിയുടെ കുളിക്കു സമാനമായിരുന്നു തന്റെ കുളിയനുഭവം. തനിക്കു ആശ്വാസം നൽകിയ രണ്ടുപകരണങ്ങളായി എഫ്.എം. റേഡിയോയും മൊബൈലും മാറിത്തീരുന്നതിനെ അദ്ദേഹം പ്രാധാന്യത്തോടെ കാണുന്നു.

*പ്രകൃതിയെത്ര സുന്ദരം:* രോഗാവസ്ഥയിൽ നിന്നും മോചിതമാകുമ്പോൾ ഏറ്റവും ആദ്യം ബോധ്യപ്പെട്ടത് പ്രകൃതി സൗന്ദര്യമായിരുന്നു. ഏറ്റവും ലളിതവും സൂക്ഷ്മവുമായി പ്രകൃതി നമ്മോടൊപ്പമുണ്ട്. ഒരുപക്ഷേ, ആരോഗ്യവാനായ ഒരാൾ അത് ശ്രദ്ധിക്കുന്നുണ്ടാവില്ല. ജനലിനുള്ളിലൂടെ പുറത്തേയ്ക്കുള്ള നോട്ടം. ഇലകൾ, സൂര്യാസ്തമയം, മൂടൽമഞ്ഞ്, ചാറ്റമഴ, പക്ഷികൾ, അങ്ങനെ പലതും. അതിൽ ഒരു വണ്ണാത്തിപ്പുള്ള് മരിച്ചുപോയ അച്ഛന്റെ ആത്മാവാണെന്ന് കരുതിയിരുന്നു. രോഗവും വിടുതിയും മനസ്സിന്റെ വിടുതിയുമായി അടുപ്പമുണ്ടായിരുന്നു.

**ഓർമകൾ കടപ്പാടുകൾ:**

ഒരു രോഗിയെ സംബന്ധിച്ചിടത്തോളം കടപ്പാട് പ്രധാനമായിത്തീരുന്നു. രോഗത്തിൽ നിന്നും ജീവിതത്തിലേയ്ക്കുള്ള തിരിച്ചുവരവിൽ കൂടെ നിന്നവരോടുള്ള കടപ്പാട് പ്രധാനമാകുന്നു. ഡോക്ടർമാർ, നേഴ്സുമാർ, സുഹൃത്തുക്കൾ, സഹോദരങ്ങൾ, ഓർമകൾ, അങ്ങനെ ഓരോന്നും പ്രധാനപ്പെട്ടതായി മാറുന്നു. ഒരു രോഗി അയാളുടെ പരിസരത്തെ ഏതെങ്കിലും കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായി വീക്ഷിക്കുന്നുണ്ടോ? മതപരതയുടെ ഭാഗമായി കാണുന്നുണ്ടോ? ഇല്ല എന്നാണ് രാസിത്ത് തന്റെ അനുഭവത്തിലൂടെ വ്യക്തമാക്കുന്നത്.

*രോഗശരീരവും വ്യവസ്ഥാപിത ശരീരവും:* രോഗം അതൊരവസ്ഥയാണ്. അവിടെ മറ്റൊരവസ്ഥയിലെ പല കാര്യങ്ങളും നിർജ്ജീവമായിപ്പോകുന്നു. ഉദാഹരണത്തിന് ശരീരം, നഗ്നത, ജെന്റർ ശരീരങ്ങൾ, ഇങ്ങനെ പലതും നമ്മൾ

ചർച്ച ചെയ്യാറുണ്ട്. എന്നാൽ ഒരു രോഗിയുടെ ശരീരത്തെ ഒരു ഡോക്ടർ എങ്ങനെയാണ് കാണുന്നത്. അത് നഗ്നമാകുമ്പോഴും നഗ്നമാകുന്നില്ല. അത് ജെന്റർ ആകുമ്പോഴും ജെന്റർ ആകുന്നില്ല. അത് രതിയുടെ ശരീരത്തിനപ്പുറത്ത് ഒരു ശരീരമാണ്. ആന്തരീകാവയവങ്ങൾ ശരീരം മാത്രമാണ്. ഇങ്ങനെയൊരു ശരീരദർശനം മുന്നോട്ടുവയ്ക്കുവാൻ വൈദ്യശാസ്ത്രത്തിനു സാധിക്കുന്നു.

### സുഹൃത്തുക്കളും സഹോദരങ്ങളും

രോഗിയ്ക്ക് ഏറ്റവും അടുപ്പമുള്ളവരായി ചിലർ മാറിത്തീരുന്നു. ലിനൂപ് എന്ന സുഹൃത്തും ജേഷ്ഠനും ഇവിടെ ഏറ്റവും പ്രധാനപ്പെട്ടവരാണ്. ആത്മവിശ്വാസത്തോടെ അടുത്തുനില്ക്കുന്ന നേഴ്സുമാർ, വ്യക്തമായ നിരീക്ഷണമുള്ള ഡോക്ടർമാർ. അവരുടെ സ്നേഹവും പരിചരണവും സമയോചിതമായ ഇടപെടലുകളും എത്രയും പ്രധാനമെന്ന് ഓരോ നിമിഷത്തെയും വിവരിച്ചുകൊണ്ട് രാസിത്ത് വ്യക്തമാക്കുന്നുണ്ട്. ഡോക്ടർമാരേക്കാൾ ഒരു പടികൂടി മുകളിലാണ് നേഴ്സുമാർ എന്ന സമീപനമാണ് രാസിത്തിനുള്ളത്. അവർ എപ്പോഴും തിരക്കിലായിരിക്കും. തിരിച്ചുകിടത്തുക, മുണ്ടുടുപ്പിക്കുക, പുതപ്പിക്കുക, എഴുന്നേല്പിച്ചിരുത്തുക, റൈൽസ് ട്യൂബ് ശ്രദ്ധിക്കുക, പുതിയ രോഗികളെ സഹായിക്കുക, ഇഞ്ചക്ഷന്റെയൊ, ട്യൂബ് ഇടുന്ന ഘട്ടത്തിലൊ, മറ്റൊരിടത്തേയ്ക്ക് മാറ്റുമ്പോഴൊ ഒരിക്കലും ടെൻഷൻ കാണിക്കാതെ അതു ചെയ്യുക, ഒരു രോഗിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായി നേഴ്സുമാർ മാറുന്നതായി രാസിത്ത് വിലയിരുത്തുന്നു.

### രോഗിയും നോട്ടവും

രോഗിയുടെ നോട്ടം രോഗത്തിൽ നിന്നുള്ള ഉയിർപ്പിന്റെ നോട്ടം തന്നെയാണ്. തനിക്ക് ജീവിതത്തിലേയ്ക്ക് തിരിച്ചുവരുവാനുള്ള നോട്ടം. ഭ്രാന്തമായ മാനസീകാവസ്ഥ, ഉറക്കം വരാത്ത അവസ്ഥ, കൃത്രിമ ശ്വാസം സ്വീകരിക്കുന്ന അവസ്ഥ, പലതരം ട്യൂബുകളും ഉപകരണങ്ങളും മൂക്കിലൂടെയും വായിലൂടെയും ശരീരം തുളച്ചും കടത്തുമ്പോഴും അത് ശരീരത്തിന്റെ ഭാഗമാകുമ്പോഴും അതുമായി പൊരുത്തപ്പെടുന്ന അവസ്ഥ, ജലം ഇറക്കാനാവാത്ത, ഖരഭക്ഷണം ശരീരം സ്വീകരിക്കാത്ത അവസ്ഥ, അടുത്തുള്ള രോഗി മരിക്കുന്നത് കാണുന്ന അവസ്ഥ, ചിരിച്ചുകൊണ്ട് അടുത്തുനില്ക്കുന്ന വേണ്ടപ്പെട്ടവരിലും നിഴലിക്കുന്ന ഭയം വായിച്ചെടുക്കുന്ന അവസ്ഥ, ഇങ്ങനെ രോഗിയുടെ നോട്ടം വിവരണാതീതവും യാദൃച്ഛികതകളുമാണ്. അടുത്ത ബെഡ്ഡിൽ കിടന്ന ഒരു രോഗിയുടെ മരണത്തെ നേരിൽ കാണുന്നുണ്ട് രാസിത്ത്. “ഞാൻ അയാളുടെ മുഖത്തു നോക്കിക്കിടന്നു. വയറിലെന്തോ കുത്തിക്കയറുന്നതുപോലെ പുളയുകയാണയാൾ. ശ്വാസം

ലഭിക്കാത്ത പോലെ. മൂക്കിലൂടെയും വായിലൂടെയും കട്ടപിടിച്ച രക്തം അരിച്ചിറങ്ങുന്നതുകണ്ടു. ദയനീയമായി അയാൾ നേഴ്സമാലാഖമാരെ നോക്കി. അയാൾക്കു സി.പി.ആർ. കൊടുക്കുന്നുണ്ട്. മൂക്കിലൂടെ രക്തം ചീറ്റി. വേദന കൊണ്ടു പുളഞ്ഞുപുളഞ്ഞ് കണ്ണുതള്ളി, വിയർത്തുകുളിച്ച്, ഒരു വശത്തേയ്ക്ക് വില്ലുപോലെ വളഞ്ഞ് കാലുകൾ മുന്നോട്ടേക്കാഞ്ഞ് പെട്ടെന്ന് അയാൾ നിശ്ചലമായി.

*വെളിച്ചത്തിന്റെ അപ്രത്യക്ഷമാവൽ:* ഏതോ അപരിചിതമായ അജ്ഞാത കേന്ദ്രം എന്നാണ് പോസ്റ്റ് ഒടിയെ രാസിത്ത് വിളിക്കുന്നത്. നീലയൂണിഫോമുകാർ, ഇനി എപ്പോഴാണ് അവർ തല്ലാൻ വരിക എന്നാണ് തെറാപ്പിസ്റ്റ് പോയിക്കഴിഞ്ഞപ്പോൾ സിസ്റ്ററോടു ചോദിച്ചത്. സിറിഞ്ചുകൾ മാംസവും ധമനിയും തുളഞ്ഞുകയറി, ചെസ്റ്റ് ഇടിച്ചു കലക്കിയിട്ട് തെറാപ്പിസ്റ്റ് പോയി, എന്നിങ്ങനെ രാസിത്ത് പ്രയോഗിക്കുന്നു. വെളിച്ചം എന്ന പ്രതീക്ഷയും വെളിച്ചം കെട്ടു പോകുന്ന അവസ്ഥയും അയാളുടെ ഭാഗമാകുന്നു. രാസിത്ത് പറയും പോലെ "എല്ലാം കറങ്ങി കറങ്ങി ഒരു ഗോളത്തിൽ എത്തിച്ചേരുന്നു. അവിടെ ചെറിയ ഒരു പ്രതീക്ഷയുടെ പ്രകാശം മങ്ങിയ നിഴൽപോലെ എന്തൊക്കെയോ ചലിക്കുന്നു. പെട്ടെന്ന് പ്രകാശം നിലച്ചു. എങ്ങും കൂരിരുട്ട്. രോഗവിമുക്തിക്ക് വേണ്ടി ഞാൻ കാത്തു കിടന്നത് ആശുപത്രി എന്ന രോഗത്തിന്റെ കോൺസെൻട്രേഷൻ ക്യാമ്പിൽ. എന്നിലും വലിയ പീഡമുറകൾ കൊണ്ട് നിറഞ്ഞ ആശുപത്രി. അവിടെ വേദന മാത്രം." അതിലൂടെ പാദം ഊന്നി ഒരു ദൈവദൂതനെ പോലെ ജീവിതത്തിലേക്ക് മന്ദം മന്ദം കാലുറപ്പിച്ച് തിരിച്ചുവരുന്ന രാസത്തിന്റെ മുമ്പിൽ ശിരസ് നമിക്കാം. രാസിത്ത് എന്ന യുവാവിന്റെ തിരിച്ചുവരവാണ് ഈ പുസ്തകത്തിന്റെ അടിസ്ഥാന വിഷയം. രോഗം എന്നത് മനുഷ്യന് തിരിച്ചു വരുവാനുള്ള ഒന്നു കൂടിയാണ് എന്ന് ഇത് വ്യക്തമാക്കുന്നു. രോഗത്തിനു മുമ്പുള്ള ഒരു മനുഷ്യന്റെ കാഴ്ചയും രോഗിയായി കഴിയുമ്പോഴുള്ള അയാളുടെ കാഴ്ചയും രണ്ടാകുന്നു എന്ന് ഈ പുസ്തകത്തിലെ പല അനുഭവങ്ങളും വ്യക്തമാക്കുന്നു. ഒരുപക്ഷേ രോഗി അല്ലാത്ത ഒരാൾക്ക് അവരുടെ ചുറ്റുപാടിലുള്ള കാഴ്ചകൾ ചിലപ്പോൾ അപ്രധാനമായി തീർന്നേക്കാം. എന്നാൽ അയാൾ ഒരു രോഗിയായി മാറുമ്പോൾ അയാൾക്ക് കാഴ്ചകൾ കുറച്ചുകൂടി പ്രാധാന്യമുള്ളതായി മാറുന്നു. ഈ രണ്ടു തരത്തിലുള്ള കാഴ്ചകളാണ് ഇവിടെ പ്രതിപാദ്യ വിഷയമാകുന്നത്.

### ചികിത്സാ ഉപകരണങ്ങളും വാക്കുകളും

നിരവധി ചികിത്സാ ഉപകരണങ്ങളും വാക്കുകളും ഉപയോഗിക്കുന്നുണ്ട്

രാസിത്ത്: ന്യൂറോ ഐ.സി.യു, വി.ജി.പി. പരിശോധന, റൈൽസ് ട്യൂബ്, കാനുല, പ്ലാസ്മാഫറിസിസ്, ബാക്ക് കെയർ, സി പാപ്പ്, എക്സ്റേ കാസറ്റ്, ട്രക്കിയോസ്റ്റമി, എക്സ്റ്റ്യൂബേറ്റ്, ഇൻറ്റ്യൂബേറ്റ്, റൂം എയർ, ആംബു ബാഗ്, ബ്രോങ്കോസ്കോപ്പി, തെറാപ്പി, സാച്ചുറേഷൻ, ഇങ്ങനെ പോകുന്ന ചികിത്സാ സംബന്ധമായ വാക്കുകൾ. ഇത് ആധുനിക ചികിത്സയുടെ വികാസത്തെ ക്കാണിക്കുന്നു. ഒപ്പം നവീന ചികിത്സയുടെ പ്രാധാന്യത്തെയും കാണിക്കുന്നു.

## സഹായക ഗ്രന്ഥങ്ങൾ :

1. നന്ദി ഗില്ലൻബാരി സിൻഡ്രോം, ഇങ്ക് ബുക്ക്സ്, 24th എഡിഷൻ 2022.
2. The patient history,an evidence -based approach to differential diagnosis,Mark c Henderson,Lawrence M.Tiernoy.In,Gerald W Smetana,academia.edu/39928567/the-patient history
3. The patient experience book,a collection of the NHS Institute for innovation and improvements guidance and support,isbn,978-907805-28-8,NHS institute for innovation and improvement-2013